**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2825.** 17.06.2019 **ൽ മറുപടിയ്ക്ക്**

**സ്കൂൾ പരിസരങ്ങളിലെ മയക്കുമരുന്ന് വിൽപ്പന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സ്കൂൾ പരിസരങ്ങളിൽ മയക്കുമരുന്ന് വിൽക്കുന്നതായിട്ടുള്ള മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (എ) യും (ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി വാർത്തകളുടെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പ് ഷാഡോ എക്സൈസ് സംഘങ്ങളിലൂടെയും ഇന്റലിജൻസ് വിഭാഗത്തിലൂടെയും സ്കൂൾ, കോളേജ് പരിസരങ്ങൾ നിരന്തരം നിരീക്ഷിച്ചു വരുന്നതിന്റെ ഫലമായി സ്കൂൾ പരിസരങ്ങളിൽ നിന്നും മയക്കുമരുന്ന് വിൽക്കുന്നതുമായി ബന്ധപ്പെട്ട് 335 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസുകളിലെ പ്രതികളെ അറസ്റ്റ് ചെയ്ത് അനന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിലുള്ള എത്ര കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; അതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ; | | |
| സി) | പുതിയൊരു അദ്ധ്യയന വർഷം കൂടി ആരംഭിക്കുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തുന്നതിനും ശക്തമായ പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | പുതിയ അദ്ധ്യയന വർഷം ആരംഭിക്കുന്ന സാഹചര്യത്തിൽ സ്കൂൾ പരിസരങ്ങളിൽ മയക്കുമരുന്ന് വിൽപ്പന നടത്തുന്നത് തടയുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുകയും ഷാഡോ എക്സൈസ് സംഘങ്ങളും എക്സൈസ് ഇന്റലിജൻസ് വിഭാഗവും ടി മേഖലകളിൽ രഹസ്യ നിരീക്ഷണങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. സ്കൂൾ തുറക്കുന്നതിനു മുന്നോടിയായി സ്കൂൾ പരിസരങ്ങളിൽ എക്സൈസ് സംഘങ്ങൾ കർശന പരിശോധന നടത്തിയിട്ടുള്ളതും ആയത് അനുസ്യൂതം തുടർന്ന് വരുന്നതുമാണ്. സ്കൂൾ പരിസരങ്ങളിൽ മയക്കുമരുന്ന് വിൽപ്പന സംബന്ധിച്ച വിവരങ്ങൾ ലഭിച്ചാലുടൻതന്നെ ആയത് ബന്ധപ്പെട്ട എക്സൈസ് അധികാരികളെ അറിയിക്കുന്നതിന് പി.ടി.എ അംഗങ്ങൾക്കും ഇതര സാംസ്കാരിക സാമൂഹിക പ്രവർത്തകർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഓരോ എക്സൈസ് ഉദ്യോഗസ്ഥനും ഓരോ സ്കൂളുകളുടെ ചുമതല നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**